**F 2297** (Pages : 2) Reg. No..............................

Name..................................

# FIVE YEAR B.A., LL.B. (HONOURS) DEGREE/B.Com., LL.B. (HONOURS) DEGREE EXAMINATION, OCTOBER 2022

## Fourth Semester

## FM 1—Additional Language

## Paper I—MALAYALAM

(2019 Admissions—Regular/2018 Admissions—Supplementary)

Time : Three Hours Maximum : 75 Marks

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഇന്ത്യയിലെ പരമോന്നത നിയമമാണ് ഇന്ത്യയുടെ ഭരണഘടന. രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്ത്വങ്ങളുടെ നിർവ്വചനം, ഗവൺമെന്റ് സംവിധാനത്തിന്റെ ഘടന, അധികാരങ്ങൾ, നടപടിക്രമങ്ങൾ, കർത്തവ്യങ്ങൾ, പൗരന്റെ മൗലികാവകാശങ്ങൾ, കടമകൾ, രാഷ്ട്ര ഭരണത്തിനായുള്ള നിർദ്ദേശ തത്ത്വങ്ങൾ മുതലായവ ഭരണഘടന മുന്നോട്ട് വയ്ക്കുന്നു. പരമാധികാര രാഷ്ട്രങ്ങളിലെ ലിഖിത ഭരണഘടനയിൽ വച്ച് ഏറ്റവും വലുതാണ് ഇന്ത്യയുടെ ഭരണഘടന. 1950 ജനുവരി 26ന് അത് പ്രാബല്യത്തിൽ വന്നു. വിവിധ രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്ന് മികച്ചവ തെരഞ്ഞെടുത്താണ് ഇന്ത്യൻ ഭരണ ഘടനയ്ക്ക് രൂപം നൽകിയത്. ഇന്ത്യ പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കാണെന്നും രാജ്യത്തെ ജനങ്ങൾക്ക് സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ നീതിയും, ചിന്താസ്വാതന്ത്ര്യം, ആശയ സ്വാതന്ത്ര്യം, സ്ഥിതി സമത്വം, അവസരസമത്വം തുടങ്ങിയവയും ഭരണഘടന ഉറപ്പു വരുത്തുന്നു. ഇന്ത്യൻ ഭരണഘടനയുടെ മുഖ്യശില്പി ഡോ. ബി. ആർ. അംബേദ്കറാണ്. ഭരണഘടനയുടെ ആമുഖം ആരംഭിക്കുന്നത് 'നമ്മൾ ഭാരതത്തിലെ ജനങ്ങൾ' എന്ന വാക്യത്തിലൂടെയാണ്. ഒറ്റ വാചകത്തിലുള്ള ഒന്നാണ് ഈ ആമുഖം. ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ചും രാഷ്ട്രസംവിധാനത്തെക്കുറിച്ചുമുള്ള ഏറ്റവും പ്രൗഢമായ പ്രസ്താവനയായി ഈ ആമുഖം പരിഗണിക്കപ്പെടുന്നു.

1 ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശില്പിയുടെ പേരെഴുതുക.

2 ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന വർഷം.

3 ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ആരംഭിക്കുന്നത് ഏത് വാചകത്തോടു കൂടിയാണ് ?

4 ലിഖിത ഭരണഘടനയിൽ വച്ച് ഏറ്റവും വലിയ ഭരണഘടന ഏത് രാജ്യത്തിന്റേതാണ് ?

5 ഇന്ത്യയിലെ പരമോന്നതനിയമം എന്നറിയപ്പെടുന്നത് ഏതിനെയാണ് ?

(5 × 1 = 5 marks)

II. ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ ഉപന്യസിക്കുക.

(a) കുടുംബ കോടതി.

(b) പരിസ്ഥിതി പ്രശ്നങ്ങൾ.

(1 × 10 = 10 marks)

Turn over

III. കത്തെഴുതുക.

നിങ്ങളുടെ പ്രദേശത്തുള്ള ഒരു വീട്ടിൽ സ്ത്രീധനത്തെ ചൊല്ലി ഒരു സ്ത്രീ നിരന്തരം ശാരീരിക പീഢനത്തിന് വിധേയമാകുന്നത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിനെപ്പറ്റി വനിതാ കമ്മീഷൻ മുൻപാകെ സമർപ്പിക്കാനുള്ള പരാതി തയ്യാറാക്കുക.

(1 × 10 = 10 marks)

IV. മലയാള മാസങ്ങൾ ക്രമത്തിൽ എഴുതുക. (4 ma

V. കന്നിമാസത്തിന്റെ പ്രത്യേകതകൾ എഴുതുക. (3 ma

VI. മഹാവാക്യം എന്നാലെന്ത് ? ഉദാഹരണം എഴുതുക. (3 mar

VII. കർത്തിരി, കർമ്മിണി പ്രയോഗങ്ങൾ വിശദമാക്കുക. (3 marl

VIII. ഗ്രിഗോറിയൻ കലണ്ടറിലെ മാസങ്ങളും അവയുടെ പേരു വരുവാനുള്ള കാരണവും എഴുതുക.

(5 marl

IX. കൊല്ലവർഷത്തിലെ മാസങ്ങൾ ഏവ ? വിശദീകരിക്കുക. (5 mark

X. ഇതിൽ ശരിയായ പദങ്ങൾ എഴുതുക.

(a) അനുഗ്രഹം — അനുഗൃഹം.

(b) ഹൃസ്വം — ഹ്രസ്വം.

(2 mar

XI. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക.

(a) തകഴിയുടെ രചനാപരമായ പ്രത്യേകതകൾ വിലയിരുത്തുക.

(b) സ്ത്രീപക്ഷ സമീപനത്തെ മുൻനിർത്തി രാച്ചിയമ്മ എന്ന കഥയ്ക്ക് പഠനം തയ്യാറാക്കുക.

(c) കൃഷിക്കാരൻ എന്ന കഥയുടെ പ്രമേയം ചർച്ച ചെയ്യുക.

(d) ഫലിതത്തെ വിമർശനാത്മകമായി സമീപിക്കുകയായിരുന്നു കുഞ്ചൻ നമ്പ്യാർ—വിലയിരുത്തുക

(e) പാഠഭാഗത്തെ മുൻനിർത്തി കൃഷ്ണഗാഥയുടെ ഭാഷാപരമായ സവിശേഷതകൾ വിലയിരുത്തുക.

(f) ഗാന്ധാരി വിലാപത്തിന് ഒരു പഠനം തയ്യാറാക്കുക.

(g) മലയാള കവിതാ സാഹിത്യ ചരിത്രത്തെ പരിചയപ്പെടുത്തുക.

(5 × 5 = 25 marks)